I/86755/2023

വിവരാവകാശം/മറുപടി

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :17-03-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ജോയിന്റ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. പവിത്രന് റ്റി,
ചിനക്കത്തൂർ, കോട്ടയക്കപുറം,
ക്ലാപ്പന പി. ഒ. 690525

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 02/03/2023 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന്റെ മറുപടി ചുവടെ ചേർക്കുന്നു.

1. വിവരാവകാശ അപേക്ഷ ലഭിച്ചിരുന്നു. ഇൻവേഡ് നമ്പർ : 276909/23 തീയതി : 06/03/2023
2. ജില്ല ഓഫീസുകള് മുഖേന 70 അപേക്ഷകൾ ലഭിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനു 3 പേജ് ഉണ്ട്. പേജു ഒന്നിന് 3 രൂപ ക്രമത്തിൽ 9 രൂപ ട്രഷറിയിൽ ഒടുക്കി ( 0070-60-118-99-Receipts under the Right to Information Act 2005 എന്നാ Head of Account ൽ) ചെല്ലാന്റെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്.
3. മേല് പറഞ്ഞ പ്രകാരം ലഭിച്ച അപേക്ഷകളിൽ 28.02.2023 വരെ 16 അപേക്ഷകൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്.

   ലഭ്യമായ അപേക്ഷകൾ ഈ കാര്യാലയത്തിൽ നിന്നും പരിശോധിക്കുമ്പോൾ നിലവിലെ നിയമങ്ങൾ അനുസരിച്ച് പ്രവർത്തിക്കാത്തവയാണ് (സർക്കാർ മാനദണ്ഡ പ്രകാരം സ്കൂളുകളിൽ പരമാവധി 20 കുട്ടികൾ എങ്കിലും ഉണ്ടായിരിക്കണം എന്നത് പോലെ) മിക്ക സ്കൂളുകളും. ആയതിനാൽ രജിസ്ട്രേഷൻ അനുവദിക്കാൻ കഴിയാതെ അപേക്ഷകൾ പെൻ്ടിംഗ് ആകുന്നു. ഓരോ അപേക്ഷയും വ്യത്യസ്തമായ കാരണങ്ങൾ കൊണ്ടാണ് രജിസ്ട്രേഷൻ നല്കാൻ കഴിയാത്തത്. മേൽ ചോദ്യത്തിനും ഈ ചോദ്യത്തിനും ഉള്ള വിശദ വിവരം അറിയണമെങ്കിൽ താങ്കൾക്ക് ഈ കാര്യാലയത്തിൽ ഓഫീസ് സമയത്ത് നേരിട്ട് ഹാജരായി താങ്കൾ ആവശ്യപ്പെട്ട ചോദ്യത്തിനുള്ള വിവരങ്ങൾ ഫയലുകൾ പരിശോധിച്ച് അതിൽ നിന്നും വിവരം ശേഖരിക്കാവുന്നതാണ്. ആയതിലേക്ക് ആദ്യത്തെ

ഒരു മണിക്കൂർ സൗജന്യമായും അടുത്ത ഓരോ അര മണിക്കൂറിന് 10/- രൂപ നിരക്കിലും ഫീസ് ഈടാക്കുന്നതായിരിക്കും എന്ന വിവരം കൂടി അറിയിക്കുന്നു.

4. ശ്രീമതി. കെ.കെ. ഉഷ നിലവിൽ എറണാകുളം ജില്ലാ സാമൂഹിക നീതി ഓഫീസറായി സേവനമനുഷ്ഠിച്ചു വരുന്നു.

5. ശ്രീമതി. കെ.കെ. ഉഷ ജോലിയിൽ പ്രവേശിച്ച തീയതി : 5/5/1998 വിരമിക്കുന്ന തീയതി : 31/5/2023

6. കൊല്ലം ജില്ലയില് സാമൂഹിക നീതി ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീമതി. കെ.കെ. ഉഷ അച്ചടക്ക നടപടിയുടെ ഭാഗമായി എറണാകുളം ജില്ലാ സാമൂഹിക നീതി ഓഫീസിലേയ്ക്ക് സ്ഥലം മാറ്റപ്പെടുകയുണ്ടായി.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്

അഡീഷണൽ ഡയറക്ടർ & അപ്പീൽ അധികാരി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ 5th Floor,
തിരുവനന്തപുരം.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.